LIBRARY ARCHIVES Kerala Legislative Assembly

നിലം ഉടമ കൊയ്ത്തിനു ഏർപ്പാടു ചെയ്ത അവസരത്തിൽ ന്യായമായ കൂലി ലഭിക്കുവാൻവേണ്ടി തൊഴിലാളികൾ പ്രക്ഷോഭണവുമായി മുന്നോട്ടു വരികയും അതിനെ തുടർന്നു നിലമുടമയുടെ ആളുകളും തൊഴിലാളികളും തമ്മിൽ ഒരു സംഘട്ടനം അവിടെ വച്ചു നടക്കുകയും ചെയ്തു. സംഘട്ടനത്തിന്റെ ഫലമായിട്ടു തൊഴിലാളി ഭാഗത്തുള്ള ഒരാൾക്കും നിലംഉടമയുടെ ഭാഗത്തുള്ള മൂന്നുപേർക്കും പരിക്കേററു എന്നുള്ളതു നേരാണ്. അവരെ നാലുപേരെയും എറണാകുളം ആശുപത്രിയിൽ ചികിൽസിപ്പിക്കുകയുമാണ്. ഈ സംഭവത്തെപ്പററി പോലീസിന്റെ ശ്രദ്ധയിൽപ്പെട്ട ഉടനെതന്നെ സമാധാനം സ്ഥാപിക്കുന്നതിനുവേണ്ടി പോലീസ് ഉദ്യോഗസ്ഥന്മാർ സ്ഥലത്തേയ്ക്കു പോകുകയും അവിടെ കൂടുതൽ ഗുരുതരമായ അവസ്ഥ ഇല്ലാതിരിക്കുന്നതിനുവേണ്ടിയുള്ള എല്ലാ നടപടികളും അന്നു തന്നെ സ്വീകരിക്കുകയും ചെയ്തു രണ്ടു ഭാഗത്തുനിന്നും പോലീസിനു നൽകിയ പരാതികളുടെ അടിസ്ഥാനത്തിൽ കേസുകൾ രജിസ്റ്റർ ചെയ്യുകയും അതനുസരിച്ച് അന്വേഷണം നടത്തുകയുമാണ് എന്തായാലും അവിടെ സ്ഥിതിഗതികൾ കൂടുതൽ മോശമാകാതിരിക്കുവാൻ വേണ്ടി പോലീസ് പെട്രോൾ ഏർപ്പാടു ചെയ്തിട്ടുണ്ട്. അതു മാത്രവുമല്ല ഈ സംഭവത്തെപ്പററി ബഹുമാനപ്പെട്ട പറമ്പിത്തറ മാസ്റ്റർ പറഞ്ഞ അവസരത്തിൽ അവിടെ തൊഴിൽപ്രശ്നം യാതൊന്നും ഉണ്ടായിരുന്നില്ല എന്നു സൂചിപ്പിക്കുകയുണ്ടായി. അതു ശരിയല്ല. ഈ സംഘട്ടനം കഴിഞ്ഞതിനുശേഷം തൊഴിലാളി പ്രതിനിധികളും നിലം ഉടമകളുടെ പ്രതിനിധികളും കൂടി ഒന്നിച്ച് ആലോചിച്ച് അന്നു വൈകുന്നേരം കൂലിത്തർക്കം ഒത്തുതീർപ്പിൽ ആക്കുകയും അതിന്റെ അടിസ്ഥാനത്തിൽ എഗ്രിമെന്റിൽ ഒപ്പുവയ്ക്കുകയും ചെയ്തിട്ടുണ്ട് ഇപ്പോൾ സ്ഥിതിഗതികൾ ശാന്തമാണ്. ശാന്തമായി കൊയ്ത്തു നടത്തുകയുമാണ്. മററു യാതൊരു സ്ഥിതിഗതികളും ഇപ്പോൾ ഇല്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: ബഹുമാനപ്പെട്ട മന്ത്രിക്കു ഒരു പിശകു പററി എന്നാണ് എനിക്കു തോന്നുന്നതു്. ഞാൻ എന്റെ നോട്ടീസ് മുഖാന്തിരം പറഞ്ഞതു് രത്നാകരന്റെ സഹോദരൻ എം. എസ്സ്. തങ്കപ്പന്റെ സ്ഥലത്തുണ്ടായ സംഭവത്തെപ്പററിയാണ്. ബഹുമാനപ്പെട്ട മന്ത്രി മറുപടിപറയുന്നതു രത്നാകരന്റെ സഹോദരിയുടെ സ്ഥലത്തു നടന്ന കാര്യങ്ങളെപ്പററിയാണ്. മന്ത്രി പറഞ്ഞ സ്ഥലത്തു യാതൊരു തർക്കവും നടന്നിട്ടില്ല.

ശ്രീ. എം. കെ. കൃഷ്ണൻ: ശ്രീ. അലക്സാണ്ടർ പറമ്പിത്തറ പറഞ്ഞ കാര്യം തന്നെയാണ് ഞാൻ സംസാരിച്ചതു്. വല്ലാർപാടത്തു കൊയ്ത്തു സംബന്ധമായി എന്തെങ്കിലും പ്രശ്നം ഉണ്ടെങ്കിൽ അതു ഈ രത്നാകരന്റെ സഹോദരിയുടെ പാടത്താണ്. അദ്ദേഹത്തിന്റെ ജ്യേഷ്ഠന്റെ പാടത്തു യാതൊരു തർക്കവും ഉണ്ടായിട്ടില്ല. അങ്ങനെ തർക്കമുണ്ടായതായി യാതൊരു അറിവും ഉണ്ടായിട്ടില്ല.

ശ്രീ. അലക്സാണ്ടർ പറമ്പിത്തറ: അതു ഒന്നു പരിശോധിച്ചാൽ കൊള്ളാം.

ശ്രീ. എം. കെ. കൃഷ്ണൻ: അടുത്തതായി ശ്രീ. എൻ. കെ. ബാലകൃഷ്ണൻ റൂൾ 61—പ്രകാരം ഉന്നയിച്ചിട്ടുള്ള കാര്യമാണ്. റൂൾ 61—പ്രകാരം ഉന്നയിച്ച സംഗതിയെപ്പററിയുള്ള വിശദാംശങ്ങൾ കിട്ടിയിട്ടില്ല. കിട്ടിയിട്ടു നാളെ മറുപടി പറയാം.

## Announcement

### Appointment of a Special Committee to scrutinise the proceedings and cull out allegat.on against Shri B. Wellingdon.

ഡെപ്യൂട്ടി സ്പീക്കർ.—ഇന്നലെ വൈകുന്നേരം നാലുമണിക്കു് സ്പീക്കറുടെ ചേംബറിൽവച്ച് നടന്ന ബിസിനസ് അഡ്വൈസറി യോഗത്തിൽ കഴിഞ്ഞ ദിവസം ഈ നിയമസഭയിൽ പാസ്സാക്കിയ നോൺഒഫിഷ്യൽ റെസലൂഷന്റെ അടിസ്ഥാനത്തിൽ ആരോഗ്യമന്ത്രി ശ്രീ. വെല്ലിംഗടനെതിരായ അഴിമതി ആരോ

പണങ്ങളും എന്തെല്ലാമാണെന്നുള്ള വിവരങ്ങളും നൽകുന്നമെന്നുള്ള കാര്യത്തെ പര്യാലോചിച്ചു ഈ ഹൗസിന്റെ അംഗീകാരത്തോടുകൂടിയ ഒരു കമ്മിററി ഇന്നു് മൂന്നു മണിക്കകം ആ ആരോപണങ്ങളും എന്തെല്ലാമാണെന്നു സ്ക്രൂട്ടിനൈസ് ചെയ്തു് ലജിസ്ലേച്ചർ സെക്രട്ടറിയേററിൽ നിന്നും ആതൻറിക്കായിട്ടുള്ള റിപ്പോർട്ടു നൽകുന്നതിനായി തീരുമാനിച്ചിരിക്കുകയാണു്. ആ കമ്മിററിയിലേയ്ക്കു ശ്രീ. ടി. കെ. കൃഷ്ണൻ, ശ്രീ. ടി. എ. മജീദ്, ശ്രീ. ആർ. ഗോപാലകൃഷ്ണൻ നായർ, ശ്രീ. കെ. എം. മാണി, ശ്രീ. ഒ. കോരൻ എന്നിവരെ നിയമിക്കയും കമ്മിററി ചെയർമാനായി ശ്രീ. ടി. കെ. കൃഷ്ണനെ തെരഞ്ഞെടുക്കുകയും ചെയ്തു. എന്നാൽ ഇന്നു രാവിലെ ശ്രീ. ടി. കെ. രാമകൃഷ്ണൻ, ശ്രീ. ടി. കെ. കൃഷ്ണനു കമ്മിററിയുടെ ചെയർമാനായിരിക്കുവാൻ നിർവ്വാഹമില്ല എന്നറിയിച്ചതിന്റെ വെളിച്ചത്തിൽ അദ്ദേഹത്തെ കമ്മിററിയുടെ ചെയർമാൻ സ്ഥാനത്തുനിന്നും മാററുകയും ശ്രീ. കെ. മൊയ്തീൻകുട്ടി ഹാജിയെ ചെയർമാൻ സ്ഥാനത്തേയ്ക്കു നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ടു്. കമ്മിററി ഇന്നു മൂന്നുമണിക്കകം റിപ്പോർട്ടു സമർപ്പിക്കുകയും ലെജിസ്ലേച്ചർ സെക്രട്ടറിയേററിൽ നിന്നും സ്ക്രൂട്ടിനൈസ് ചെയ്ത റിപ്പോർട്ടു ചീഫ് മിനിസ്റ്റർക്കു ഹാൻഡോവർ ചെയ്യണമെന്നുമാണു് ഇന്നലെ എടുത്തിട്ടുള്ള തീരുമാനം. സ്പീക്കർ എഴുതിതന്നിട്ടുള്ളവ നേരത്തെ കൊടുത്തിട്ടുണ്ടു്. പാർട്ടി ലീഡേഴ്സെല്ലാം പരിഗണിച്ചെഴുതിതന്നതാണു്. അതുപോലെതന്നെ ഇന്നത്തെ നോൺ ഒഫിഷ്യൽ റെസല്യൂഷൻസ് അടുത്ത വെള്ളിയാഴ്ച എടുക്കാമെന്നും നിശ്ചയിച്ചിരിക്കുകയാണു്.

## LEGISLATIVE BUSINESS

### *Presentation of Report*

**The Kerala Industrial Workmen Regulation of Discharge Dismissal and other Forms of termination of Services) Bill, 1968.**

**Labour Minister (Shri Mathai Manjooran):** Sir, I present the Report of the Select Committee on the Kerala Inndustrial Workmen (Regulation of Discharge, Dismissal and other Forms of Termination of Services) Bill, 1968.

**Dy. Speaker:** The report is presented.

**Deputy Speaker:** Now we pass on to the third reading of the Kerala Land Reforms (Amendment) Bill, 1968.

### The Kerala Land Reforms (Amendment) Bill, 1968.

റവന്യൂമന്ത്രി (ശ്രീമതി കെ. ആർ. ഗൗരി) :—സർ, മൂന്നാം വായന സമയത്തു ചില ഭേദഗതികൾ വരുത്താനുണ്ടു്. അതു ഭേദഗതി വരുത്തിയപ്പോൾ കോൺസിക്വൻഷ്യലായിട്ടു വന്നിട്ടുള്ള ഭേദഗതികളാണു്. അവ താഴെ പറയുന്നതാണു്.

*Clause 2.*

1. In clause 2, in sub-clause (e), in clause (17) of section 2 proposed to be substituted, in Explanation II, after the word, figure and letter "section 6A", the word, figure and letter "section 6B" shall be inserted.

LIBRARY ARCHIVES Kerala Legislative Assembly